## പന്ത്രണ്ടാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

ക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2141 10.10.2011 ൽ മറുപടിക്ക്

## അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ചോദ്യം

ീ. ജോസ് തെററയിൽ

മറുപടി

ശ്രീ. പി.ജെ ജോസഫ്
(ജലവിഭവ വകുപ്പു മന്ത്രി)

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യംമ്പുഴ, മലയാററൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 05.06.2010 ൽ കൂടിയ എസ്.എൽ. എസ്.എസ്.സി. യിൽ കവറേജ് ഓഫ് ഹാബിറേഷൻസിൽപ്പെടുത്തി 54.65 ലക്ഷം രൂപ അനുവദിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഈ പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ജലവിഭവ വകുപ്പിനും ഫിനാൻസ് വകുപ്പിനുമുള്ള ഫയലുകളിൽ ഭരണാനുമതി നൽകുന്നതിനായി എന്തെല്ലാം വിശദാംശങ്ങളാണ് ലഭിക്കേണ്ടിയിരുന്നത്; ഇത് ലഭ്യമായിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ വ്യക്തമാക്കാമോ

(സി) ഈ പദ്ധതിയ്ക്ക് ഭരണാനുമതി ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വിശദമാക്കാമോ ?

(എ) അയ്യംമ്പുഴ, മലയാററൂർ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം നൽകുന്ന ഒരു പദ്ധതിയുടെ 54.65 ലക്ഷം രൂപയുടെ പ്രെപ്പോസൽ 05.06.2010 ൽ കൂടിയ എസ്.എൽ. എസ്.എസ്.സി. യിൽ കവറേജ് ഓഫ് ഹാബിറേഷൻസിൽപ്പെടുത്തി അംഗീകരിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) & (സി) 40 ബൃഹത്തായ പദ്ധതികൾ ഉൾക്കൊള്ളുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട 6111/ബി2/10/ ഡബ്ല്യൂ.ആർ.ഡി നമ്പർ ഫയൽ സി.ടി.ഇ. യ്ക്ക് സമർപ്പിക്കുകയും തുടർന്ന് ഫിനാൻസ് വകുപ്പ് ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അവയ്ക്ക് മറുപടി നല്കി കൊണ്ട് ഭരണാനുമതി ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ